LIBRARY ARCHIVES Kerala Legislative Assembly

ഹൗസ് സർജൻസി ചെയ്യുന്നതിന് പ്രത്യേക ഫീസ്

245 (245) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്തുനിന്നും എം.ബി.ബി.എസ്. പരീക്ഷ വിജയിച്ചതിനുശേഷം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ തതുല്യ പരീക്ഷ വിജയിച്ചവർക്ക് ഹൗസ് സർജൻസി ചെയ്യുന്നതിന് പ്രത്യേക ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ മെഡിക്കൽ കോളേജുകളിലും വിദേശ മെഡിക്കൽ കോളേജുകളിലും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ആയത് ഒഴിവാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ

246 (246) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര അദ്ധ്യാപകരുടെ സേവനം ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം/കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പ്രൊഫസർ, റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ഒഴിവുള്ള മുഴുവൻ പ്രൊഫസർ തസ്തികകളിലെയും 4 റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയും ഒഴിവുകൾ നികത്തപ്പെടും. ആയതിനുശേഷം വരുന്ന 9 റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തണമെങ്കിൽ പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുകയോ അല്ലെങ്കിൽ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പി.എസ്.സി. വഴി വരുന്നവർക്ക് 4 വർഷത്തിനുശേഷം പ്രൊമോഷൻ നൽകി നികത്തുകയോ ചെയ്യേണ്ടിവരും. എൻ.ടി കേഡർ തസ്തികയായ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തസ്തികയിലെ പ്രായപരിധിയെ ചൊല്ലി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള

കേസിൻമേലുള്ള ബഹു. ടൈബ്യൂണലിന്റെ നിർദ്ദേശമനുസരിച്ച് ടി തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പി.എസ്.സി. താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പി.എസ്.സി. വഴിയുള്ള സ്ഥിര നിയമനത്തിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തി അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ പ്രൊഫസർ തസ്തികയിൽ 5-ഉം റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 7-ഉം ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 15-ഉം ഒഴിവുകളാണുള്ളത്.

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഒഴിവുകളിൽ പ്രൊഫസർ, റീഡർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഡി.പി.സി. ചേർന്ന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ലക്ചറർ/ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഓരോ വർഷത്തെ കാലാവധിയിൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചുവരുന്നു.

കൂട്ടനാട്ടിൽ ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രി

247 (247) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്തുനിന്നും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ ആധുനിക സംവിധാനത്തോടെ കൂട്ടനാട്ടിൽ ഒരു ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റി

248 (248) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പിന്റെ 3-7-2021-ലെ G.O.(Ms)32/2020/AYUSH ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എത്ര ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഓരോ ജില്ലയിലും സൊസൈറ്റികൾ രജിസ്റ്റർ ചെയ്തതെന്നാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly